സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

വാച്ചർ തസ്തികയിലെ നിയമനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ. 15092/20/മിസ് 3 നന്തൻകോട്, 01/01/2021.

---

പരാമർശം :1. ദേവസ്വം കമ്മീഷണറുടെ 24-07-2018-ലെ ആർ.ഒ.സി.11/12/ മിസ് എ നമ്പർ റിപ്പോർട്ട്

2. ദേവസ്വം കമ്മീഷണറുടെ 07-09-2019-ലെ ആർ.ഒ.സി.11/12/ മിസ് എ നമ്പർ റിപ്പോർട്ട്

3. ദേവസ്വം കമ്മീഷണറുടെ 25-10-2019-ലെ ആർ.ഒ.സി.11/12/ മിസ് എ നമ്പർ റിപ്പോർട്ട്

4. ലാ ആഫീസറുടെ 18-12-2020-ലെ അഭിപ്രായം

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വാച്ചർ തസ്തികയിലേക്ക് 08-02-2011-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം 11-07-2012-ൽ പ്രസിദ്ധീകരിച്ച 270 പേരുടെ ലിസ്റ്റിൽ നിന്നും 4-8-2012-ൽ 1 മുതൽ 90 വരെയുള്ള റാങ്കുകാർക്ക് നിയമനം നൽകിയിരുന്നു. പ്രസ്തുത ലിസ്റ്റിൽ നിന്നും തുടർന്ന് നിയമനം ലഭിക്കാനുള്ള ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാകുന്നതുവരെയുള്ള കാലയളവിലെ ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിന് ദേവസ്വം ബോർഡിനോട് നിർദ്ദേശിച്ചിരുന്നു. വിവിധ തസ്തികകളിൽ നിലവിലുള്ള അധിക തസ്തികകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായുള്ള പുനർവിന്യാസം പൂർത്തിയാകാത്തതിനാൽ വാച്ചർ തസ്തികയിലേക്കുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തിയില്ല. അതിനെതിരെ ഉദ്യോഗാർത്ഥികൾ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തു. 12-11-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ 23-11-2015 പകൽ 11 മണിക്ക് ഉദ്യോഗാർത്ഥികൾ ദേവസ്വം കമ്മീഷണർ മുമ്പാകെ ഹാജരാകുവാനും, ദേവസ്വം കമ്മീഷണർ ഇവരുടെ റാങ്കും യോഗ്യതയും പരിശോധിച്ച് നിയമനത്തിന് യോഗ്യരാണെന്ന് കാണുന്ന പക്ഷം നിയമന ഉത്തരവ് നൽകുവാനും നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത കോടതി വിധി പ്രകാരം ദേവസ്വം കമ്മീഷണർ മുമ്പാകെ 47 പേർ ഹാജരാകുകയും അവർക്ക് 22-01-2016-ൽ നിയമനം നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത നിയമനം റാങ്ക് ലിസ്റ്റിലെ ക്രമപ്രകാരം ആയിരുന്നില്ല എന്ന് ആരോപിച്ച് നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. തുടർന്ന് കോടതി 22-01-2016-ൽ 47 പേർക്ക് നൽകിയ നിയമനം റദ്ദ് ചെയ്യുന്നതിനും മതിയായ നോട്ടീസ് നൽകി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി യോഗ്യരായവരുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 08-07-2015 വരെയുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ഉത്തരവ് നൽകുകയുണ്ടായി. അത് പ്രകാരം റാങ്ക് ലിസ്റ്റിലെ 91 മുതൽ 270 വരെയുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും 12-04-2018, 13-04-2018 എന്നീ തീയതി

കളിൽ ഹാജരാകുന്നതിന് വ്യക്തിഗത രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും പത്ര പരസ്യം നൽകുകയും ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം വാച്ചർ ലിസ്റ്റിലെ 124 പേർ ഹാജരായി. അവരുടെ സർട്ടിഫിക്കറ്റ് പരിശോധിച്ച് റാങ്ക് ലിസ്റ്റിലെ ക്രമപ്രകാരം വീണ്ടും ഒരു ലിസ്റ്റ് തയ്യാറാക്കി 08-07-2015 വരെയുള്ള ഒഴിവിലേക്ക് നിയമനം നൽകി 27-07-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചു.

ഇത്തരത്തിൽ നിയമനം നടത്തിയപ്പോൾ മുൻപ് ക്രമവിരുദ്ധമായി നടത്തിയ നിയമനത്തിൽ നിയമനം ലഭിച്ച ഏതാനും ഉദ്യോഗാർത്ഥികൾക്ക് ജോലിനഷ്ടമാകുകയുണ്ടായി. എന്നാൽ ഇവരിൽ ചിലർക്ക് ഈ തസ്തികയിൽ ഉണ്ടായ നോൺ ജോയിനിംഗ് വേക്കൻസിയിൽ നിയമനത്തിന് അർഹത നേടുകയും അവർക്ക് 24-07-2018-ൽ നിയമനം നൽകുകയും ചെയ്തു. സർവ്വീസിൽ നിന്നും 27-04-2018 മുതൽ 24-07-2018 വരെ വിട്ട് നിന്ന ഇവരുടെ സർവ്വീസ് കാലം ഏത് രീതിയിൽ കണക്കാക്കണമെന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്ന് വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു.

പ്രസ്തുത വിഷയത്തിൻമേൽ ലാ ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ ടി ജീവനക്കാരുടെ സർവ്വീസ് നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി റെഗുലറൈസ് ചെയ്ത് നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്.

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റേയും ലാ ആഫീസറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 27-04-2018 മുതൽ 24-07-2018 വരെ ഇത്തരത്തിൽ സർവ്വീസിൽ നിന്നും വിട്ട് നിന്ന കാലയളവ് കൂടി അവരുടെ സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു. പ്രസ്തുത ഉത്തരവ് വാച്ചർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കും.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :1) ദേവസ്വം കമ്മീഷണർ
2) ഫിനാൻസ് കമ്മീഷണർ
3) എല്ലാ ആഫീസ് മേധാവികൾക്കും
4) PS to Hon'ble President
5) PS to Hon'ble Member-I
6) PS to Hon'ble Member-II
7) ഇ.ഡി.പി സെക്ഷൻ
8) മിനിട്സ്
9) സെക്ഷൻ ഫയൽ
10) ഫയൽ ബുക്ക്
11) ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി